LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ല മൊത്ത വ്യാപാര സ്റ്റോറുകൾ തുടങ്ങിയവയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 119.88 ലക്ഷം രൂപയും ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള തുമായ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള പദ്ധതി പ്രകാരം 42.48 ലക്ഷം രൂപയും പീഡിത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനത്തിൽ 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) ഈ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയശേഷം സംസ്ഥാനത്ത് ഒട്ടാകെയുള്ള 302 സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതി പ്രകാരം പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ദുർബലമായ അപ്ക്സ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു. ഇതിനുപുറമെ പീഡിത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി പ്രകാരം ഓഹരി, വായ്പ സബ്സിഡി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പദ്ധതികൾക്ക് പുറമെ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, ദുർബല കാർഷിക സംസ്ക്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണം, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധനശേഷി ശക്തിപ്പെടുത്തുക, ദുർബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നുണ്ട്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ നടപടി

4 (5409) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഇതിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്നും, ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് (31-3-2010) ലെ കണക്ക് പ്രകാരം 12489 സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	സംഘങ്ങളുടെ എണ്ണം
തിരുവനന്തപുരം	1406
കൊല്ലം	1108
പത്തനംതിട്ട	566
ആലപ്പുഴ	983
കോട്ടയം	873
ഇടുക്കി	711
എറണാകുളം	796
തൃശ്ശൂർ	1247
പാലക്കാട്	804
മലപ്പുറം	945
കോഴിക്കോട്	924
വയനാട്	394
കണ്ണൂർ	1223
കാസർഗോഡ്	509
ആകെ	12489

(ബി) 31-3-2010-ലെ താല്ക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 12489 സഹകരണ സംഘങ്ങളിൽ 4616 സഹകരണ സംഘങ്ങൾ ലാഭത്തിലും 7873 സഹകരണ സംഘങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുന്നുണ്ട്.

(സി)

1. ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാധ്യതയുള്ളതുമായ എല്ലാ വിഭാഗം സഹകരണ സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തി സംഘങ്ങൾക്ക് നൽകി വരുന്നു.

2. ഉപഭോക്തൃ സഹകരണ സംഘങ്ങളെ പുനഃരുദ്ധരിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ സഹായിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഓഹരി മൂലധനം സർക്കാർ നൽകി വരുന്നുണ്ട്. ദേശീയ സഹകരണ വികസന ഫെഡറേഷന്റെ ധനസഹായത്തോടെ ദുർബല പ്രാഥമിക വിപണന സംഘങ്ങളെ പുനഃരുദ്ധരിക്കുന്നതിനും ദുർബല കാർഷിക വികസന യൂണിറ്റുകളുടെ പുനഃരുദ്ധാരണത്തിനും വാർഷിക പദ്ധതിയിൽ തുക വകയിരുത്താറുണ്ട്. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ ഐ.സി.ഡി.പി. പദ്ധതിയിൽപ്പെടുത്തി സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിന് ധനസഹായം നൽകി വരുന്നുണ്ട്.

3. കൂടാതെ 2009-10 സാമ്പത്തിക വർഷം പീഡിത സഹകരണ സംഘങ്ങളെ പുനഃരുദ്ധരിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ച് 201 പീഡിത സഹകരണ സംഘങ്ങളെ തെരെഞ്ഞെടുത്ത് 20 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

4. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കിയിട്ടുള്ള കേരള സഹകരണക്ഷേമ വികസന പദ്ധതി പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് നഷ്ടം നികത്തുന്നതിനായി ധനസഹായം നൽകി വരുന്നുണ്ട്.

5. നഷ്ടം കുറയ്ക്കുന്നതിന് കിട്ടാകടങ്ങൾ പിരിച്ചെടുക്കുന്നതിനും തദ്വാര നഷ്ടം കുറയ്ക്കുന്നതിനും ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ വകുപ്പ് സംഘങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

കാർഷിക മേഖലയുടെ ഉന്നമനത്തിനായി സഹകരണ സംഘങ്ങൾ മുഖേനയുള്ള കർമ്മ പദ്ധതികൾ

5 (5410) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയിൽ എത്ര കോടി രൂപ വായ്പ നൽകുകയുണ്ടായി ; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് നബാർഡിന്റെ സഹായത്താൽ ഈ സർക്കാരിന്റെ കാലത്ത് എത്ര രൂപയുടെ കാർഷിക വായ്പകൾ നാളിതുവരെ നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്നും എത്ര രൂപ നാളിതുവരെ കാർഷിക വായ്പയായി നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly